# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3263** **07.11.2019-ൽ മറുപടിയ്ക്ക്**

**<u>കരുനാഗപ്പള്ളി മണ്ഡലത്തിലെ തീരദേശ വികസന കോർപ്പറേഷൻ പ്രവൃത്തികൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) കേരള തീരദേശ വികസന കോർപ്പറേഷന്റെ ചുമതലയിൽ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ 2016-നു ശേഷം ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്ന് വിശദമാക്കുമോ; | എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ ചുമതലയിൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016-നു ശേഷം ഭരണാനുമതി നൽകിയതും പൂർത്തിയാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) പ്രസ്തുത കോർപ്പറേഷൻ മുഖേന ഏതെല്ലാം പുതിയ പ്രവൃത്തികൾക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ; പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന സ്കൂളുകൾ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുകയും, ഫൈനൽ അപ്രൈസൽ റിപ്പോർട്ട് കിഫ്ബി സൈറ്റിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |

| ക്രമ നം | സ്കൂളിന്റെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ജി.എച്ച്.എസ്.എസ്. ചെറിയഴീക്കൽ | 148.797 |
| 2 | ഗവൺമെന്റ് ടൗൺ അപ്പർ പ്രൈമറി സ്കൂൾ, കരുനാഗപ്പള്ളി | 230.13 |
| 3 | ജി.എഫ്.എച്ച്.എസ്.എസ്., കുഴിത്തുറ | 175.58 |

കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ കുലശേഖരപുരം മത്സ്യമാർക്കറ്റ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

**സെക്ഷൻ ആഫീസർ**

# അനുബന്ധം

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ ചുമതലയിൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016-നുശേഷം ഭരണാനുമതി നൽകിയിട്ടുള്ളതും പൂർത്തീകരിച്ചതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ഭരണാനുമതി നൽകിയ പദ്ധതികൾ**

| ക്രമ നം | പദ്ധതി | പദ്ധതി വർഷം | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | ജി.എഫ്.എച്ച്.എസ്., കുഴിത്തുറ സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം | 2016-17 | 7.00 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ജി.വി.എച്ച്.എസ്. ചെറിയഴീക്കൽ കായിക ഉപകരണ വിതരണം | 2016-17 | 3.00 | പദ്ധതി പുരോഗമിക്കുന്നു |
| 3 | ജി.വി.എച്ച്.എസ്.എസ്. ചെറിയഴീക്കൽ അടുക്കള നിർമ്മാണം | 2016-17 | 10.00 | പദ്ധതി പുരോഗമിക്കുന്നു |
| 4 | ജി.എൽ.പി.എസ്. പാരത്തുരുത്ത് അടുക്കള നിർമ്മാണം | 2016-17 | 10.00 | പദ്ധതി പുരോഗമിക്കുന്നു |
| 5 | ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, കരുനാഗപ്പള്ളി - അടിസ്ഥാന സൗകര്യ വികസനം | 2018-19 | 44.00 | പദ്ധതി പുരോഗമിക്കുന്നു |

**പൂർത്തീകരിച്ച പദ്ധതികൾ**

| ക്രമ നം | പദ്ധതി | പദ്ധതി വർഷം | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | ജി.എഫ്.എച്ച്.എസ്., കുഴിത്തുറ സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം | 2016-17 | 7.00 | പദ്ധതി പൂർത്തീകരിച്ചു |

**സെക്ഷൻ ആഫീസർ**